"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പത്തനംതിട്ട ജില്ല - കോന്നി താലൂക്കിൽ കോന്നി പൊന്തനാംകുഴി മുരുപ്പിൽ ഐ.എച്ച്.ഡി.പി കോളനിയിൽ താമസിച്ചുവരുന്ന 32 കുടുംബങ്ങൾക്ക് വീടും സ്ഥലവും വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.475/2021/DMD തീയതി,തിരുവനന്തപുരം, 21/06/2021

---

പരാമർശം:- 1. സ.ഉ(സാധാ)നം.520/2019/ഡി.എം.ഡി തീയതി 19.08.2019.

2. സ.ഉ(സാധാ)നം.25/2019/ഡി.എം.ഡി തീയതി 23.08.2019.

3. സ.ഉ(സാധാ)നം.38/2019/ഡി.എം.ഡി തീയതി 19.12.2019.

4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 17.01.2021 തയതിയിലെ DCPTA/ 4976/2019-DM1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ കോന്നി പൊന്തനാംകുഴി മുരുപ്പിൽ ഐ.എച്ച്.ഡി.പി കോളനിയിൽ 2019-ൽ ഉണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് അടൂർ ആർ.ഡി.ഒ യുടെ നേതൃത്വത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവരടങ്ങുന്ന സംഘം നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ടി പ്രദേശത്തു താമസിക്കുന്ന 3 2 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലം വാസയോഗ്യമല്ല എന്നും, അതിൽ തന്നെ മലയുടെ മുകളിലായി നീളത്തിൽ വിള്ളലുകൾ രൂപപ്പെട്ട ഭാഗത്തിന് താഴെയായി 5 കുടുംബങ്ങൾ കഴിയുന്നുണ്ടെന്നും ഇവരെ അടിയന്തിരമായി മാറ്റി താമസിപ്പിക്കണമെന്നും പത്തനംതിട്ട ജില്ലാ കളക്ടർ സൂചന (4 ) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മേലറഞ്ഞ 3 2 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പത്തനംതിട്ട ജില്ലാകളക്ടർ അപേക്ഷിച്ചിരിക്കുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോന്നി താലൂക്കിൽ കോന്നി പൊന്തനാംകുഴി മുരുപ്പിൽ ഐ.എച്ച്.ഡി.പി കോളനിയിൽ താമസിച്ചുവരുന്ന 32 കുടുംബങ്ങൾക്ക് പരാമർശിത സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും വസ്തു വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള തുക 2245-02-113-99- Assistance to repairs/ reconstruction of houses എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സാജു.എസ്.

അഡിഷണൽ സെക്രട്ടറി

കമ്മിഷണർ, ലാൻഡ് റവന്യൂ,തിരുവനന്തപുരം

കമ്മിഷണർ, ദുരന്തനിവാരണം,തിരുവനന്തപുരം

ജില്ലാ കളക്ടർ, പത്തനംതിട്ട

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം

റവന്യൂ ഡിആർഎഫ് വകുപ്പ്( ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതിന്)

പൊതുജന സമ്പർക്ക വകുപ്പ്(Web& New Media)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്-

റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

ഡിഎംഎ4 സെക്ഷന്.

ഉത്തരവിൻ പ്രകാരം

Signed by Jayachandran K P

Date: 22-06-2021 16:56:22

Reason: Approved

സെക്ഷൻ ഓഫീസർ